## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 543 | 25/10/2011 -ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതിയും മറ്റു തെറ്റുകളും തിരുത്തിക്കിട്ടുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 1/3/2011 തീയതിയിലെ സ.ഉ (സാധാ) നം. 853/2011/ പൊ.വി, 18/6/2011 തീയതിയിലെ സ.ഉ. (സാധാ) നം. 2281/2011/പൊ.വി. എന്നീ ഉത്തരവുകൾ പ്രകാരം ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വളരെയധികം ലഘൂകരിക്കപ്പെട്ടതിന്റെ ഫലമായി കാലതാമസം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) എങ്കിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഒരു പ്രത്യേക സെൽ ആരംഭിച്ച് അവിടെത്തന്നെ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ലോവർ പ്രൈമറി, അപ്പർ പ്രൈമറി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ജനനത്തീയതി തിരുത്താനുള്ള അധികാരം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുമാണ്. എന്നാൽ SSLC പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ജനനത്തീയതി തിരുത്തി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള അധികാരം |

| | |
|---|---|
| | പരീക്ഷാഭവൻ സെക്രട്ടറിയിൽ നിക്ഷിപ്തമായതിനാലും ആയതിനുള്ള അടിസ്ഥാന സൗകര്യം പരീക്ഷാഭവനിൽ മാത്രം ലഭ്യമായതിനാലും എല്ലാ ജില്ലകളിലും പ്രത്യേക സെൽ രൂപീകരിച്ച് ജനനത്തീയതി തിരുത്തി സർട്ടിഫിക്കറ്റ് നല്കുകയെന്നത് പ്രായോഗികമല്ല. |
| (സി) വിദേശത്തും മറ്റും പോകുവാൻ വേണ്ടി അപേക്ഷിക്കുന്നവർക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ തെറ്റുതിരുത്തി നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (സി) വിദേശജോലി/ഇന്റർവ്യൂ തുടങ്ങിയവക്കുള്ള രേഖകൾ ഹാജരാക്കുന്നവർക്ക് അടിയന്തിരമായി തിരുത്തൽ വരുത്തി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ